സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

**നടപടിക്രമം**

സാങ്കേതിക വിദ്യാഭ്യാസം - ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (സർക്കാർ പോളിടെക്നിക് കോളേജ്) തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ ചെയ്ത ഉദ്യോഗാർത്ഥിയെ AICTE 7th Pay Scale - Entry pay Rs.56,100 - Level 9A (Rs.15600 - 39100 - AGP - 5400 PR) ശമ്പള നിരക്കിൽ സർക്കാർ പോളിടെക്നിക് കോളേജിൽ ലക്ച്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് തസ്തികയിൽ - താത്ക്കാലികമായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (സി വിഭാഗം)

നം. EC5/48343/22/DTE തിരുവനന്തപുരം, 19-02-2024

---

വായന:- 1. തിരുവനന്തപുരം, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ സെക്രട്ടറിയുടെ 29-12-2023 ലെ RIC-1/6/2023-KPSC നമ്പർ നിയമന ശിപാർശ കത്ത്.
2. 05.03.1974-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ.(പി) നം.49/74/പിഡി.
3. 18.07.1974-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്) നം.170/74/പിഡി.
4. 29.03.1990-ലെ സർക്കാർ സർക്കുലർ മെമ്മോറാണ്ടം നം.3737/റൂൾസ് /1/90/പി&എആർഡി.
5. 15.02.1991-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.7/91/പി&എആർഡി.
6. 06.06.2011-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.15/2011/പി&എആർഡി.
7. 30.06.2011-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.20/2011/പി&എആർഡി.
8. 07.01.2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒപി) നം.20/2013/പി&എആർഡി.
9. 03.04.2013-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.149/2013.
10. 15.11.2016-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.171/2016/ഫിൻ
11. 08.11.2010-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(പി) നം.366/2010/ഉ.വി.വ.
12. 20-02-2014 ലെ G.O (MS) No.75/2014/Fin
13. 16-02-2021ലെ G.O.(Ms) No.97/2021/HEDN.

**ഉത്തരവ്**

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് (സർക്കാർ പോളിടെക്നിക് കോളേജ്) തസ്തികയിലേക്ക് താത്ക്കാലിക നിയമനത്തിനായി താഴെ പറയുന്ന ഉദ്യോഗാർത്ഥിയെ പരാമർശം (1) ലെ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകിയിരിക്കുന്നു. ആകയാൽ പരാമർശം (12), (13) ലെ സർക്കാർ ഉത്തരവുകൾ പ്രകാരം AICTE 7th Pay Scale - Entry pay Rs.56,100 - Level 9A (Rs.15600 - 39100-AGP-5400 PR) ശമ്പള നിരക്കിൽ സർക്കാർ പോളിടെക്നിക് കോളേജുകളിലെ, ലക്ച്ചറർ ഇൻ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് തസ്തികയിലേക്ക് താഴെ പറയുന്ന ഉദ്യോഗാർത്ഥിയെ 1958-യിലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, റൂൾ 3(C), റൂൾ 9(a)(i) എന്നിവയ്ക്ക് വിധേയമായി താത്ക്കാലികമായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. ഉദ്യോഗാർത്ഥിയുടെ സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമല്ല എന്ന് സർക്കാർ കാണുന്ന പക്ഷം, പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം യാതൊരു അറിയിപ്പും കൂടാതെ ഈ നിയമനം റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും. സ്വഭാവവും പൂർവ്വചരിത്രവും തൃപ്തികരമാണെന്ന് തുടർന്നുള്ള പരിശോധനയിൽ തെളിയുന്ന മുറയക്ക് മാത്രമേ ടി താത്കാലിക നിയമനം ക്രമികരിക്കുന്നതിന് ഉദ്യോഗാർത്ഥി അർഹത നേടുകയുള്ളൂ.

ഉദ്യോഗാർത്ഥിയുടെ നിയമനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I/67919/2024

| പി.എസ്. സി അഡ്വൈസിലെ ക്രമ നമ്പർ | പേരും മേൽവിലാസവും | നിയമനം ലഭിച്ചിരിക്കുന്ന സ്ഥാപനം | പി.എസ്. സി അഡ്വൈസ് ചെയ്ത ടേൺ |
|---|---|---|---|
| 1 | AJAY KRISHNAN R<br>KRISHNASREE,M-11/2 CHITRA NAGAR,<br>VATTIYOORKAVU PO<br>THIRUVANANTHAPURAM<br>695013 | സർക്കാർ പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ | OC |

2. ഉദ്യോഗാർത്ഥി, വിദ്യാഭ്യാസ യോഗ്യത, ജനന തീയതി, ജാതി/സമുദായം എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം മേൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപന മേധാവിയ്ക്കു മുൻപാകെ **06-03-2024 തീയതിയ്ക്കകം** കർത്തവ്യനിർവ്വഹണത്തിന് ഹാജരാകേണ്ടതാണ്. കൂടാതെ, കേരള സർവ്വീസ് ചട്ടം ഭാഗം 1 ചട്ടം 13-ൽ നിഷ്കർഷിക്കുന്ന പ്രകാരം അസിസ്റ്റൻറ് സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ വിരലടയാളം രേഖപ്പെടുത്തി, സാക്ഷ്യപ്പെടുത്തിയ ഫോട്ടോ എന്നിവ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ഈ നിയമന ഉത്തരവ് റദ്ദ് ചെയ്യപ്പെടുന്നതായിരിക്കും.

3. ഒഴിവില്ലാത്ത കാരണത്താൽ ഉദ്യോഗാർത്ഥിയെ സേവനത്തിൽ നിന്നും പിരിച്ചു വിടുന്ന പക്ഷം ടിയാളെ നിയമന ശിപാർശ ചെയ്ത കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ ടിയാൾക്കു പുനർനിയമനത്തിനായി പേര് റി-രജിസ്റ്റർ ചെയ്യാവുന്നതോ അല്ലാത്തപക്ഷം ഈ വകുപ്പിൽ ഒഴിവ് വരുന്നതുവരെ പുനർ നിയമനത്തിനായി ഏത് തസ്തികയിൽ നിന്നാണോ വിട്ടയക്കപ്പെട്ടത് പ്രസ്തുത തസ്തികയിൽ നിരീക്ഷണാർത്ഥിയായി തുടരാവുന്നതോ ആണ്.

4. സേവനത്തിൽ പ്രവേശിച്ച് അഞ്ച് വർഷത്തിന് ശേഷം ലഭിക്കുന്ന ജനന തീയതി തിരുത്തുവാനുള്ള അപേക്ഷ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

5. സ്ഥാപന മേധാവി, ഉദ്യോഗാർത്ഥിയുടെ വിദ്യാഭ്യാസ യോഗ്യത, ജനനതീയതി, ജാതി/സമുദായം, ഫോട്ടോ, ഒപ്പ് എന്നിവ ഉത്തരവിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ വൺ ടൈം വെരിഫിക്കേഷൻ / ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കേറ്റിന്റെ പകർപ്പുമായി പരിശോധിച്ച് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമേ ഉദ്യോഗാർത്ഥിയെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളൂ. ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ച വിവരം സ്ഥാപന മേധാവി യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

6. ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുൻപായി ഉദ്യോഗാർത്ഥിയിൽ നിന്നും പരാമർശം (3) ലെ സർക്കാർ ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന തരത്തിലുള്ള സ്വാഭാവവും പൂർവ്വ ചരിത്രവും പരിശോധിക്കുന്നതിന് (പോലീസ് വെരിഫിക്കേഷൻ) ആവശ്യമായ സാക്ഷ്യപത്ര ഫോറം പൂരിപ്പിച്ച് വാങ്ങേണ്ടതും ആയത് ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

7. ബന്ധപ്പെട്ട സ്ഥാപന മേധാവി ഉദ്യോഗാർത്ഥി ഹാജരാക്കുന്ന അസ്സൽ നോൺ-ക്രീമിലയർ സർട്ടിഫിക്കറ്റ് (ബാധകമാകുന്ന നിയമനങ്ങളിൽ മാത്രം) പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രണ്ട് സ്വഭാവ സർട്ടിഫിക്കറ്റുകൾ സ്ഥാപന മേധാവി മുമ്പാകെ ഹാജരാക്കേണ്ടതാണ്.

I/67919/2024

9. ഉദ്യോഗാർത്ഥി സേവനത്തിൽ പ്രവേശിക്കുന്ന സമയത്ത്, കേരള പി.എസ്.സിയിൽ നിന്നും ലഭിച്ചിട്ടുള്ള അസ്സൽ വൺ ടൈം വെരിഫിക്കേഷൻ/ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് സ്ഥാപന മേധാവി പരിശോധിച്ച്, ഉദ്യോഗാർത്ഥിയുടെ ഫോട്ടോയും ഒപ്പും ശരിയെന്ന് ബോധ്യപ്പെട്ടതായി സാക്ഷ്യപ്പെടുത്തേണ്ടതും, ആയവ പേഴ്സണൽ മെമ്മോറാണ്ടം, പി.എസ്.സി പരിശോധനക്കായുള്ള സ്റ്റേറ്റ്മെൻറ് എന്നീ രേഖകളോടൊപ്പം ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ്.

10. പരാമർശം (8) & (9) എന്നീ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 1.4.2013 ന് ശേഷം നിയമിതരാകുന്ന ഉദ്യോഗാർത്ഥികളുടെ നിയമനം ദേശീയ പെൻഷൻ പദ്ധതിയിലുൾപ്പെടുത്തിയായിരിക്കും.

11. പരാമർശം (10) സർക്കാർ ഉത്തരവ് പ്രകാരം, സ്ഥാപന മേധാവി ഉദ്യോഗാർത്ഥികളെ സേവനത്തിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ടിയാളുടെ പേരിലുള്ള സ്ഥാവര-ജംഗമ വസ്തുക്കളെ കുറിച്ചുള്ള വിവരം നിശ്ചിത പ്രൊഫോർമയിൽ രേഖപ്പെടുത്തി വാങ്ങേണ്ടതും, ആയത് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

***കുറിപ്പ്:*** *1. ലക്ചറർ തസ്തികയ്ക്കുള്ള അടിസ്ഥാന യോഗ്യതയ്ക്ക് പുറമേ ഉയർന്ന യോഗ്യതകളായ M.Tech, Ph.D ഉണ്ടെങ്കിൽ ബന്ധപ്പെട്ട യോഗ്യതകളുടെ പ്രൊവിഷണൽ, ഡിഗ്രീ സർട്ടിഫിക്കറ്റുകൾ, യോഗ്യത നേടിയ കോഴ്സിന്റെ തുല്യതാ സർട്ടിഫിക്കറ്റ്, AICTE അംഗീകാരത്തിന്റെ രേഖകൾ എന്നിവ ജോലിയിൽ പ്രവേശിച്ചതിനു ശേഷം സ്ഥാപനമേധാവി മുഖേന ഈ ഓഫീസിൽ അയച്ചുതരേണ്ടതാണ്.*

*2. 2024 പൊതുസ്ഥലംമാറ്റത്തിനു അർഹമായ അപേക്ഷകൾ ടി നിയമനത്തിലെ ഉദ്യോഗാർത്ഥി സ്ഥാപന മാറ്റത്തിനു വിധേയമായിരിക്കും.*

*Ramachandran M*
*SENIOR JOINT DIRECTOR (PS)*

സ്വീകർത്താവ്

ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾ (by Registered Post with Acknowledgement).

പകർപ്പ്

1. ബന്ധപ്പെട്ട പ്രിൻസിപ്പാൾ,
സർക്കാർ പോളിടെക്നിക് കോളേജ്, പെരിന്തൽമണ്ണ (with Original One Time Verification Certificate of the candidate and abstract of PSC advice).
2. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.
3. അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, കോട്ടയം.
4. ഇജി സെക്ഷൻ
5. ഔദ്യോഗിക വെബ്സൈറ്റ് - www.dtekerala.gov.in
6. ഓഫീസ് പകർപ്പ്/കരുതൽ സഞ്ചയം.

Signed by
Ramachandran M
Date: 19-02-2024 17:08:50